പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3563 30.01.2014 ൽ മറുപടിയ്ക്ക്

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മത പ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിതീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാലും കേരളത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടാത്തതിനാലും പറമ്പിക്കുളം-ആളിയാർ കരാറിന്റെ പുനരവലോകനവും പുതുക്കലും യാഥാർത്ഥ്യമായിട്ടില്ല. |

| | |
|---|---|
| (ബി) ഈ വർഷം കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (ബി) നടപ്പ് ജലവർഷത്തിൽ 2013 ജൂലായ് ആദ്യം മുതൽ 2014 ജനുവരി പകുതിവരെ; ഏറെക്കുറെ കേരളം ആവശ്യപ്പെട്ട അളവിലുള്ള ജലം, തമിഴ്നാട് മണക്കടവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ജലവർഷം ജനുവരി 15 വരെ 4805 എം.സി.എഫ്റ്റി ജലം മണക്കടവിൽ ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ കേരള ഷോളയാർ റിസർവോയറിൽ 2013 സെപ്റ്റംബർ 1ന് ജലനിരപ്പ് കരാർ പ്രകാരം ഫുൾ റിസർവോയർ ലെവലിൽ നിലനിർത്തിയിരുന്നു. |
| (സി) കാലഹരണപ്പെട്ട പറമ്പിക്കുളം -ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മത പ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988 ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിതീകരിക്കപ്പെട്ട അധികജല ലഭ്യത |

പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് അംഗീകരിക്കാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. 2012-2013 ജലവർഷത്തിൽ തമിഴ്നാട് കേരളത്തിന് അവകാശപ്പെട്ട ജലം നൽകാത്തതിന് എതിരായി കേരളം ഒരു കേസ് സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ